LIBRARY ARCHIVES Kerala Legislative Assembly

ഗൾഫ് മേഖലയിലെ തൊഴിലവസരങ്ങളോടുള്ള വിമുഖത

73 (2706) ശ്രീ. എൻ. എ. നെല്ലിക്കുന്ന് :
ശ്രീ. ടി. എ. അഹമ്മദ് കബീർ :
ശ്രീ. പി. ഉബൈദുള്ള :
ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളീയർക്ക് ഗൾഫ് മേഖലയിലെ തൊഴിലവസരങ്ങളുടെ കാര്യത്തിൽ മുൻകാലങ്ങളിലെപ്പോലെ താൽപര്യം ഇല്ലെന്നും വിമുഖത കൂടിവരുന്നു എന്നുമുള്ള റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ അതിനുള്ള കാരണങ്ങൾ വിശകലനം ചെയ്തിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ ;

(സി) ഈ പ്രവണത തുടർന്നാൽ കേരളത്തിന്റെ സാമ്പത്തിക തൊഴിൽ രംഗങ്ങളിൽ ഉണ്ടാകാവുന്ന പ്രത്യാഘാതങ്ങളെക്കുറിച്ച് പരിശോധിച്ചിട്ടുണ്ടോ ; എങ്കിൽ പ്രതികൂല പ്രത്യാഘാതങ്ങൾ ഒഴിവാക്കുന്നതിന് എന്തു സമീപനം സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി&സി) ബാധകമല്ല.

ഗൾഫ് മലയാളികൾക്ക് നിയമസഹായം

74 (2707) ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. എ. ടി. ജോർജ് :
ശ്രീ. പി. എ. മാധവൻ :
ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗൾഫ് രാജ്യങ്ങളിലെ ജയിലുകളിലടക്കപ്പെട്ട മലയാളികൾക്ക് നിയമ സഹായം നൽകുന്ന പദ്ധതിയുടെ നടത്തിപ്പിനായി ആരെല്ലാമാണ് സഹകരിക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ;

(ബി) പ്രസ്തുത പദ്ധതി നടത്തിപ്പിനായി സ്വീകരിച്ചിട്ടുള്ള നടപടികളെന്തെല്ലാമെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) തങ്ങളുടേതല്ലാത്ത കാരണങ്ങൾക്കും ചെറിയ കുറ്റകൃത്യങ്ങൾക്കും വിദേശ ജയിലുകളിൽ കഴിയുന്ന പ്രവാസി മലയാളികൾക്ക് ആവശ്യമായ നിയമസഹായം നൽകുന്നതിനും വിവിധ കാരണങ്ങളാൽ വിദേശ രാജ്യങ്ങളിൽ അഭയം ആവശ്യമായി വരുന്ന കേരളീയ സ്ത്രീകളെ എംബസികളിൽ എത്തിക്കുന്നതിനും ആവശ്യമായി വരുന്ന വാഹനച്ചെലവും വഹിക്കുന്നതിലേക്കായി 'Pravasi Legal Assistance' (പ്രവാസി നിയമസഹായം) എന്ന പദ്ധതി നടപ്പാക്കിയിട്ടുണ്ട്. നോർക്ക റൂട്ട്സിൽ രജിസ്റ്റർ ചെയ്തിട്ടുള്ള പ്രവാസി സംഘടനകൾ, വിദേശ രാജ്യങ്ങളിലെ എംബസി, എംബസി നിർദ്ദേശിക്കുന്ന നിയമവിദഗ്ധർ തുടങ്ങിയവരുടെ സഹകരണത്തോടെയാണ് പദ്ധതി നടപ്പാക്കുന്നത്.

(ബി) 'Pravasi Legal Assistance' (പ്രവാസി നിയമസഹായം) നടത്തിപ്പ് സംബന്ധിച്ച് സഹായമാവശ്യമുള്ള പ്രവാസി മലയാളി, അവരുടെ കുടുംബാംഗങ്ങൾ, നോർക്ക റൂട്ട്സിൽ രജിസ്റ്റർ ചെയ്തിട്ടുള്ള പ്രവാസി സംഘടനകൾ, തുടങ്ങിയവർക്ക് അപേക്ഷ സമർപ്പിക്കാവുന്നതാണ്. കൂടാതെ വിദേശരാജ്യങ്ങളിലെ എംബസിക്കും കേസ്സുകൾ റഫർ ചെയ്യാവുന്നതാണ്. എംബസി നിർദ്ദേശിക്കുന്ന നിയമവിദഗ്ധർ നൽകുന്ന നിയമ സഹായത്തിന് ചെലവാക്കുന്ന തുക പരമാവധി 2 ലക്ഷം രൂപ റീഇംബേഴ്സ്മെന്റായി നൽകുകയാണ് ചെയ്യുന്നത്.

പ്രവാസി സമഗ്ര പുനരധിവാസ പദ്ധതി

75 (2708) ശ്രീ. ഹൈബി ഈഡൻ :
ശ്രീ. ടി. എൻ. പ്രതാപൻ :
ശ്രീ. പാലോട് രവി :
ശ്രീ. ആർ. സെൽവരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പ്രവാസി സമഗ്ര പുനരധിവാസ പദ്ധതി നടപ്പാക്കുന്നതിന് എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട് ;

(ബി) പദ്ധതി പ്രകാരം സ്വയംതൊഴിൽ സംരംഭത്തിനായി വായ്പകൾ നൽകിയിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly